ഒക്ടോബർ 2025

ലക്കം 10

പുസ്തകം 05

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



## എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി : റവ. ഫാ. ജിബിൻ രാജ്.
ചീഫ് എഡിറ്റർ : എസ്.ഒ.ഷാജികുമാർ
മാനേജിങ് എഡിറ്റർ : ബിബിൻ രാജ്

*എഡിറ്റേഴ്സ്*

അതുൽ പി.എസ്.
രമണി റോസ്
സുലോചന
ആൻസി എസ്. എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.



# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ജപമാലയുടെ ഒക്ടോബർ | 3 |
| 2 | എഡിറ്റേഴ്സ് വോയ്സ് | 4 |
| 3 | മാതാവിനോടുള്ള അതിയായ സ്നേഹവും ജപമാലയുടെ ശക്തിയും | 5 |
| 4 | ക്രിസ് വോയ്സ് ക്വിസ് ഉത്തരങ്ങൾ | 6 |
| 5 | കുരിശ്ശടി വാർഷികം | 7 |
| 6 | കുടുംബയോഗങ്ങൾ | 8 |
| 7 | വരി തന്നവർ | 9 |
| 8 | ക്രിസ് വോയ്സ് ക്വിസ് വിജയികൾ | 10 |
| 9 | യൂണിറ്റ് വാർഷികം | 10 |
| 10 | വരവ് ചെലവ് | 11 |
| 11 | അമ്മ മാതാവ് | 13 |
| 12 | വിശുദ്ധ കുരിശ് | 13 |
| 13 | ജന്മദിനാശംസകൾ | 14 |



# ജപമാലയുടെ ഒക്ടോബർ

ഒക്ടോബർ മാസം ജപമാല മാസം എന്നറിയപ്പെടുന്നതിന് ഒരു പ്രത്യേക കാരണമുണ്ട്. ഒക്ടോബർ 7 ാം തീയതിയാണ് ജപമാല മാതാവിന്റെ തിരുനാൾ. പതിനാറാം നൂറ്റാണ്ടിൽ പരിശുദ്ധ കന്യകാ മാതാവിന്റെ പ്രത്യേക ഇടപെടൽ വഴി സംഭവിച്ച ഒരു വലിയ വിജയത്തിന്റെ ഓർമയ്ക്കായിട്ടാണ് കത്തോലിക്കാ സഭ ഒക്ടോബർ 7 ജപമാല തിരുനാളായി പ്രഖ്യാപിച്ചത്. ഏഡി 1571 ഒക്ടോബറിൽ യൂറോപ്പിലെ കത്തോലിക്കാ സഭ മുസ്ലിം തുർക്കികളിൽ നിന്ന് വലിയ ഭീഷണി നേരിട്ടിരുന്നു. മധ്യേഷ്യ ആക്രമിച്ച് അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികളെയെല്ലാം ഇസ്ലാം മതത്തിലേക്ക് മതപരിവർത്തനം ചെയ്ത ശേഷം തുർക്കികൾ മെഡിറ്ററേനിയൻ കടലിലൂടെ യൂറോപ്പിലേക്ക് നീങ്ങി. യൂറോപ്പിലെ ക്രിസ്ത്യൻ സാമ്രാജ്യങ്ങളെ കീഴടക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

അപകടം മുന്നിൽ കണ്ട മാർപാപ്പാ യൂറോപ്പിലെ ക്രിസ്ത്യൻ രാജാക്കന്മാരെ റോമിൽ വിളിച്ചു വരുത്തി. മാർപാപ്പായുടെ പ്രത്യേക ആഹ്വാനപ്രകാരം യൂറോപ്പിലെ രാജാക്കന്മാർ തുർക്കികളോട് യുദ്ധത്തിനിറങ്ങി. അംഗബലം കൊണ്ടും യുദ്ധ തന്ത്രങ്ങൾ കൊണ്ടും തുർക്കികൾ ഏറെ ശക്തരാണെന്ന് മാർപാപ്പായ്ക്ക് അറിയമായിരുന്നു. അവരെ യുദ്ധത്തിൽ തോൽപ്പിക്കുക അത്ര എളുപ്പമായിരുന്നു. അപ്പോൾ മാർപ്പാപ്പാ ഒരു കാര്യം ചെയ്തു. റോമിലെ ക്രിസ്ത്യാനികളെയെല്ലാം ഒരുമിച്ചു കൂട്ടി പാപ്പാ ഒരു ജപമാല റാലി നടത്തി.

അതിനെ തുടർന്ന് തുർക്കികളും ക്രിസ്ത്യൻ സൈന്യവും തമ്മിൽപ്രശസ്തമായ ലെപ്പാന്റോ യുദ്ധം നടന്നു. യുദ്ധം നടക്കുന്ന സമയമെല്ലാം ക്രിസ്ത്യാനികൾ അണിനിരന്ന് ജപമാല ചൊല്ലിയതിന്റെ ഫലമായി ക്രിസ്ത്യൻ സൈന്യത്തേക്കാൾ സംഖ്യയിൽ വളരെ ഏറെയുണ്ടായിരുന്ന തുർക്കികൾക്കെതിരെ ക്രിസ്ത്യൻ രാജാക്കൻമാർ വിജയിച്ചു.

ഈ അത്ഭുതകരമായ വിജയം പരിശുദ്ധ മാതാവിന്റെ മാധ്യസ്ഥം കൊണ്ടാണെന്നും ജപമാല ഭക്തിയുടെ ഫലമായിട്ടാണെന്നും മാർപാപ്പായും ക്രിസ്തീയ വിശ്വാസികളും വിശ്വസിച്ചു. ഈ വിജയത്തിന്റെ ഓർമയ്ക്കായി എല്ലാവർഷവും പരിശുദ്ധ മാതാവിന്റെ ബഹുമാനാർത്ഥം തിരുനാൾ ആഘോഷിക്കാൻ പാപ്പാ ഉത്തരവിട്ടു. അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന ഗ്രിഗറി പതിമൂന്നാമൻ പാപ്പാ ഒക്ടോബറിലെ ആദ്യ ഞായറാഴ്ച ജപമാല മാതാവിന്റെ തിരുനാളായി പ്രഖ്യാപിച്ചു.

# *എഡിറ്റേഴ്സ് വോയ്സ്*



**ചീഫ് എഡിറ്റർ**
**എസ്. ഒ. ഷാജി കുമാർ**

പ്രിയരേ,

ജൻ സീ പ്രക്ഷോഭം നമ്മുടെ അയൽ രാജ്യമായ നേപ്പാളിനെ അടിമുടി നവീകരിക്കാൻ പ്രേരകമായതുപോലെ സമീപകാലത്ത് മറ്റ് അയൽ രാജ്യങ്ങളായ ബംഗ്ലാദേശിലും ശ്രീലങ്കയിലും യുവജന മുന്നേറ്റങ്ങൾ അഴിമതിയാലും സ്വജനപക്ഷപാതത്താലും തിമിർത്താടിയ അധികാരകേന്ദ്രങ്ങളെ നിഷ്പ്രഭമാക്കി കൊട്ടാരസദൃശമായ ആർഭാടത്തിൽ സാധാരണക്കാരുടെ നികുതിപ്പണത്തിൽ വിലസിയ മന്ത്രിമാരെയും കുടുംബാംഗങ്ങളെയും തെരുവുനായ്ക്കളെപ്പോലെ ആട്ടിയിറക്കിയതും ആക്രമണത്തിനിരയാക്കിയതും നമ്മുടെ മനസ്സിൽ മായാതെ നിറഞ്ഞിരിക്കുകയാണ്.ബഹുസ്വരത,ജനാധിപത്യം, മതേതരത്വം എന്നീ ആശയങ്ങളിൽ മഹാത്മാഗാന്ധി, നെഹ്റു, പട്ടേൽ, ആസാദ്, ഭഗത് സിംഗ്, സുഭാഷ് ചന്ദ്രബോസ് തുടങ്ങി ലക്ഷക്കണക്കിന് ധീരദേശാഭിമാനികൾ പോരാടി നേടി കൈമാറിയ 'ഇന്ത്യ'യെ സ്വാർത്ഥ വർഗീയ വിഭജനത്തിലൂടെ ഫാസിസ്റ്റ് ഭരണകൂടം ഭരണഘടനയെയും ജനാധിപത്യത്തെയും ഭരണഘടനാസ്ഥാപനങ്ങളെയും കൈപ്പിടിയിലാക്കി രാജ്യത്തെ കൊള്ളയടിക്കാൻ കോർപ്പറേറ്റ് മുതലാളിമാർക്ക് വീഥിയൊരുക്കുമ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അട്ടിമറിക്കാൻ ബ്രിട്ടീഷ് സർക്കാരുമായി സന്ധിചെയ്യാനും ഗാന്ധിജിയെപ്പോലും ഉന്മൂലനം ചെയ്ത ഫാസിസ്റ്റ് ശക്തികൾ ഇന്ന് ഇന്ത്യൻ പൊതു മനസാക്ഷിയെ വിലയ്ക്കെടുത്തിരിക്കുകയാണ്.

അതീവഗുരുതരമായ ഈ സാഹചര്യത്തിൽ രാജ്യത്തെ അടിച്ചമർത്തപ്പെട്ട പിന്നോക്ക ദളിത് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളോടൊപ്പം ചേർന്ന് ന്യൂനപക്ഷ ലത്തീൻ കത്തോലിക്ക ജനസമൂഹം തങ്ങൾ കടന്ന് വന്ന ചരിത്രവഴികൾ തിരിച്ചറിഞ്ഞ് ക്രൈസ്തവ വിശ്വാസത്തിൽ മുറുകെപ്പിടിച്ച് സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രാഷ്ട്രീയ സാമ്പത്തിക മുന്നേറ്റത്തിന് ഒറ്റക്കെട്ടായി തയ്യാറെടുക്കാൻ സമയമായിരിക്കുന്നു.

**ചീഫ് എഡിറ്റർ**

# മാതാവിനോടുള്ള അതിയായ സ്നേഹവും ജപമാലയുടെ ശക്തിയും



**അനൂപ് എ. സി.**
**തിരുപുറം മീഡിയ**
**മിനിസ്ട്രി സെക്രട്ടറി**

“ജപമാല പിടിക്കുമ്പോൾ മാതാവ് നമ്മെ വിട്ടുകളയില്ല” – ഈ വാക്കുകൾ ജോസിന്റെ മനസ്സിൽ എന്നും പതിഞ്ഞിരുന്നത് അച്ഛൻ പറഞ്ഞുതന്ന ഒരു ജീവിതസത്യമായിരുന്നു.

പഠനത്തിൽ ജോസ് ശരാശരി വിദ്യാർത്ഥിയായിരുന്നു. പരീക്ഷക്കാലത്ത് ഏറെ ഭയവും ആശങ്കയും ഉണ്ടാകുമായിരുന്നു. അമ്മ പലപ്പോഴും പറഞ്ഞിരുന്നു:
“മകനേ, പഠനത്തിനൊപ്പം ദൈവത്തിൽ വിശ്വാസം വേണം. ജപമാലയാണ് എന്റെ ശക്തി, അതാണ് നിന്റെ ശക്തിയും.”

പത്താം ക്ലാസ് പരീക്ഷയിലെ ആദ്യദിവസം, ജോസിന്റെ മനസ്സ് ശൂന്യമായി. പഠിച്ചിരുന്ന കാര്യങ്ങൾ പോലും മറന്നുപോയി. പേപ്പർ തുറന്ന് നോക്കിയപ്പോൾ കണ്ണീരൊഴുകി.

അപ്പോൾ അവൻ നിശബ്ദമായി പറഞ്ഞു:
“മാതാവേ, ഞാൻ ഒന്നും ഓർക്കുന്നില്ല. ജപമാലയുടെ ശക്തിയാൽ എന്നെ സഹായിക്കണമേ.”

അപ്രതീക്ഷിതമായി അവന്റെ മനസ്സിൽ പഠിച്ച കാര്യങ്ങൾ ഒന്നൊന്നായി തെളിഞ്ഞു തുടങ്ങി. ആത്മവിശ്വാസത്തോടെ എഴുതി തീർക്കാൻ അവന് കഴിഞ്ഞു.

പരീക്ഷ കഴിഞ്ഞ് വീട്ടിലെത്തി അമ്മയോട് പറഞ്ഞു:
“അമ്മേ, ഇന്ന് എനിക്ക് ചോദ്യപേപ്പറിലെ ഒന്നും ഓർമിച്ചില്ല. പക്ഷേ, ജപമാല ഓർത്തപ്പോൾ, എല്ലാം വീണ്ടും മനസ്സിലേക്ക് വന്നുപോയി!”

അമ്മയുടെ കണ്ണുകൾ നിറഞ്ഞു. അവൾ പറഞ്ഞു:
“അതാണല്ലോ മാതാവിന്റെ കരുതൽ, മകനേ. നീ പരിശ്രമിച്ചപ്പോൾ, വിശ്വാസത്തോടെ മാതാവിന്റെ സഹായം തേടിയപ്പോൾ, അവൾ നിന്റെ അരികിൽ എത്തി.”അന്നുമുതൽ ജോസിന് ജപമാല വെറും പ്രാർത്ഥനയായി മാത്രമല്ല, ജീവിതത്തിൽ കൈപിടിച്ചുനടത്തുന്ന സ്വർഗ്ഗീയ ശക്തിയായി മാറി.
മാതാവിന്റെ അനുഗ്രഹവും ശക്തിയും നമുക്കും നേടാം ഈ ദിവസങ്ങളിൽ ജപമാല പറഞ്ഞു കൊണ്ട്.

# ക്രിസ് വോയ്സ് ക്വിസ് ടെസ്റ്റ് പേപ്പർ 10 – ന്റെ ഉത്തരങ്ങൾ

1. ജറുസലേമിലേക്ക്   (ലൂക്കാ :17:11)
2. സങ്കീ 118 : 26 (ലൂക്കാ : 19:18)
3. തങ്ങളിൽ വലിയവൻ ആരാണ്  (ലൂക്കാ 22:24)
4. ദാസനോട് (ലൂക്കാ 17:9)
5. ലൂക്കാ 18:20
6. ലൂക്കാ 19:26
7. എശയ്യാ 63:18, ദാനി 8:13
8. വിജാതിയർ (ലൂക്കാ 17:18)
9. പ്രവാചകന്മാർ (ലൂക്കാ 18:31)
10. ജെറുസലേം പട്ടണം (ലൂക്കാ 19:44)
11. ശതാധിപൻ (ലൂക്കാ 23:47)
12. മനുഷ്യപുത്രന്റെ ദിവസങ്ങളിലൊന്നു (ലൂക്കാ 17:22)
13. ദൈവരാജ്യത്തിന് വേണ്ടി വീടിനെയോ ഭാര്യയെയോ സഹോദരന്മാരെയോ മാതാപിതാക്കളെയോ സന്താനങ്ങളെയോ ഉപേക്ഷിച്ചവർക്ക് (ലൂക്കാ 13:29)
14. ജനക്കൂട്ടം (ലൂക്കാ 19:11)
15. പത്രോസ്, യോഹന്നാൻ (ലൂക്കാ 22:8)
16. മനുഷ്യൻ വെളിപ്പെടുന്ന ദിവസം
17. സമ്പത്തുള്ളവൻ  (ലൂക്കാ 18:24)
18. ജെറീക്കോ (ലൂക്കാ 19:12)
19. പുനരുത്ഥാനത്തെ കുറിച്ചുള്ള വിവാദം (ലൂക്കാ 20:40)
20. അവനോടു ക്ഷമിക്കുക (ലൂക്കാ 17:3)
21. ലൂക്കാ (18:14)
22. ജെറുസലേം പട്ടണം ( ലൂക്കാ 19:44)
23. യേശുവിനോടൊപ്പം വന്നിരുന്ന സ്ത്രീകൾ (ലൂക്കാ 23:55)
24. നോഹയുടെ (ലൂക്കാ 17:26)
25. നീതി നടത്തികൊടുക്കാൻ (ലൂക്കാ 18:7)
26. ബേത്ഫഗെ, ബഥാനിയാ (ലൂക്കാ 19:29)
27. ജീവനെ (ലൂക്കാ 21:19)
28. ലൂക്കാ 20:25
29. ഒരു കുരുടൻ (ലൂക്കാ 18:36)
30. പത്ത് കുഷ്ഠരോഗികൾ (ലൂക്കാ 17:13)
31. ശിശുവിനെ (ലൂക്കാ 18:17)
32. പത്രോസ് (ലൂക്കാ 18:28)
33. സീസറിനുള്ള നികുതി (ലൂക്കാ 20:26)
34. സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂഗരായിരിക്കുവിൻ (ലൂക്കാ 21:36)
35. തലയോട് എന്ന് വിളിക്കപ്പെടുന്ന സ്ഥലം (ലൂക്കാ 23:33)
36. സക്കേവൂസ് (ലൂക്കാ 19:10
37. ഫരിസേയർ (ലൂക്കാ 17:20)
38. വിജാതിയർ (എഫേസോസ് 4 :19)
39. കോപിക്കാം എന്നാൽ പാപം ചെയ്യരുത് നിങ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടു പോകാതിരിക്കട്ടെ (എഫേസോസ് 4:26)
40. അപരാധങ്ങളും പാപങ്ങളും (എഫേസോസ് 2:1)
41. വ്യഭിചാരി, അശുദ്ധൻ,അത്യാഗ്രഹി, വിഗ്രഹാരാധകൻ (എഫേസോസ്5:5)

42. ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കണം (എഫേസോസ് 6:11)
43. സകല നന്മയിലും നീതിയിലും സത്യത്തിലും (എഫേസോസ് 5:19)
44. ക്രിസ്തുവിനോടുള്ള ബഹുമാനത്തെ പ്രതി (എഫേസോസ് 5:29)
45. വിശ്വാസത്തിന്റെ പരിച എടുക്കണം (എഫേസോസ് 6:16)
46. ക്രിസ്തു (എഫേസോസ് 5:2)
47. സമാധാനം (എഫേസോസ് 2:17)
48. കൃപയും നിത്യജീവനും (എഫേസോസ് 6:24)
49. വി. പൗലോസ് (എഫേസോസ് 6:20)
50. തന്റെ ശരീരത്തിലൂടെ (എഫേസോസ് 2:15)

## കുരിശ്ശടി വാർഷികം

**പുത്തൻകട പരിശുദ്ധ വേളാങ്കണ്ണി മാതാ കുരിശ്ശടി തിരുനാൾ 20/10/2025 തിങ്കളാഴ്ച നടത്തപ്പെടുന്നു**



തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ അധ്യാപക ദിനത്തോട് അനുബന്ധിച്ച് സെപ്തംബർ 07 ഞായറാഴ്ച ദിവ്യബലിയെ തുടർന്ന് ഇടവക യിലെ മുതിർന്ന അധ്യാപികയേയും ഈ വർഷം അധ്യാപനത്തിൽ നിന്ന് റിട്ടയറായ അധ്യാപകരെയും ആദരിച്ചു. ഇടവക വിദ്യാഭ്യാസ ശുശ്രൂഷ സമിതി യുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ **ഇടവക വികാരി ഫാ. ജിബിൻ രാജ്** അധ്യാപകരെ പൊന്നാടയണിയിച്ച് ആദരിച്ചു.

# ഒക്ടോബർ മാസത്തെ കുടുംബയോഗങ്ങൾ

| യൂണിറ്റ് | ദിവസം | ഭവനം |
|---|---|---|
| താഴയ്ക്കാമണ്ണടി | 11/10/2025<br>26/10/2025 | ജെസ്സി<br>കുഞ്ഞുമോൻ |
| ചില്ലിൻവിള | 11/10/2025<br>26/10/2025 | രത്നരാജ്<br>മധു |
| വലിയവിള | 11/10/2025<br>26/10/2025 | ലാസർ<br>രാജമണി |
| പ്ലാന്തോട്ടം | 12/10/2025<br>26/10/2025 | ഉഷ<br>ഫ്രാൻസിസ് |
| മോന്തിവിള | 12/10/2025<br>26/10/2025 | അനിൽ<br>അജി |
| കാരയ്ക്കാവിള | 12/10/2025<br>26/10/2025 | മേരി ദാസ്<br>ആന്റണി |
| പണ്ടാരത്തോട്ടം | 12/10/2025<br>26/10/2025 | അജി<br>അശോകൻ |
| മണ്ണക്കല്ല് | 12/10/2025<br>26/10/2025 | വിക്ടർ സേവ്യർ<br>മധു |
| പുത്തൻകട | 11/10/2025<br>26/10/2025 | അജികുമാർ<br>ജോർജ് |
| മുടന്താന്നി | 11/10/2025<br>25/10/2025 | സെൽവൻ<br>ജോസ് |
| മണലിക്കടവ് | 11/10/2025<br>26/10/2025 | ബിജു കുമാർ<br>വിൻസെന്റ് |
| മലഞ്ചരിക് | 12/10/2025<br>26/10/2025 | അജിത്ത്<br>സുധീർ |
| പഴയകട | 12/10/2025<br>26/10/2025 | രാജീവ് മോൻ<br>ജോയ്മോൻ |
| പട്ട്യക്കാല | 05/10/2025<br>19/10/2025 | ജോസ്<br>സുനിൽകുമാർ |
| കുളങ്ങരവിള | 11/10/2025<br>25/10/2025 | തങ്കരാജൻ<br>സുജിത് |
| പള്ളിമന | 12/10/2025<br>26/10/2025 | രാജു<br>കെ ആർ മണി |
| കടവിള | 12/10/2025<br>26/10/2025 | ഗംഗാധരൻ<br>ജോസഫ് |
| പുന്നയ്ക്കാവിള | 12/10/2025<br>26/10/2025 | സുരേന്ദ്രൻ<br>ശശി |

# 2025 ഓഗസ്റ്റ് വരിതന്നവരുടെ പേരുവിവരം

| | |
|---|---|
| 1. സദാനന്ദൻ, പഴയകട | 600 |
| 2. സുജിത്ത്, പഴയകട | 600 |
| 3. ബിജു, പുന്നയ്ക്കാവിള | 50 |
| 4. അജു, പഴയകട | 250 |
| 5. ഗ്രിഗറി, പഴയകട | 400 |
| 6. ഷിജിത്ത് എസ് എൽ, മണക്കല്ല് | 900 |
| 7. വിനോദ് എസ് ആർ, പ്ലാന്തോട്ടം | 1200 |
| 8. അനീഷ് എൻ എസ്, താഴയ്ക്കാമണ്ണടി | 500 |
| 9. ശ്രീകുമാർ, താഴയ്ക്കാമണ്ണടി | 300 |
| 10. അനീഷ്കുമാർ എസ് എൽ, താഴയ്ക്കാമണ്ണടി | 100 |
| 11. അനിൽകുമാർ എസ് എൽ, മണലിക്കടവ് | 100 |
| 12. സിസിലി, പണ്ടാരത്തോട്ടം | 500 |
| 13. വിജയരാജ്, താഴയ്ക്കാമണ്ണടി | 900 |
| 14. അജയാക്ഷൻ, പുത്തൻകട | 1000 |
| 15. സജി ആർ എ, കരയ്ക്കാവിള | 1000 |
| 16. വിൻസെന്റ്, മണലിക്കടവ് | 150 |
| 17. മധു, പുന്നയ്ക്കാവിള | 300 |
| 18. ബാബു, പഴയകട | 200 |
| 19. സൈമൺ, താഴയ്ക്കാമണ്ണടി | 1600 |
| 20. ജോസ്, കുളങ്ങരവിള | 200 |
| 21. സത്യൻ, മുടന്താന്നി | 250 |
| 22. പ്രേംകുമാർ, മുടന്താന്നി | 150 |
| 23. ബിനുകുമാർ, കുളങ്ങരവിള | 500 |
| 24. അഖിൽകുമാർ ജെ, മുടന്താന്നി | 150 |
| 25. പ്രദീപ് എൽ, മണ്ണക്കല്ല് | 200 |
| 26. രാമകൃഷ്ണൻ, പുത്തൻകട | 1000 |
| 27. രാജരത്നം,താഴയ്ക്കാമണ്ണടി | 200 |
| 28. അനിൽകുമാർ, പുത്തൻകട | 2000 |
| 29. രവി, ചില്ലിൻവിള | 1000 |
| 30. നിഖിൽ വി എസ്, വലിയവിള | 5000 |
| 31. അനുരാജ് എസ് എൽ, മണ്ണക്കല്ല് | 1000 |
| 32. സിബി ടി എസ്, കുളങ്ങരവിള | 150 |
| 33. ചന്ദ്രബാബു, താഴയ്ക്കാമണ്ണടി | 1500 |
| 34. ബിജുകുമാർ ടി, മണലിക്കടവ് | 4500 |
| 35. ബിജു ജി, മലഞ്ചെരിക് | 1200 |
| 36. രാജൻ എച്ച്, മോന്തിവിള | 250 |
| 37. അഖിൽ ആർ, മോന്തിവിള | 500 |
| 38. വിജീഷ്ജിത്ത് വി പി, മോന്തിവിള | 1000 |
| 39. ജോൺ, പുന്നയ്ക്കാവിള | 200 |
| 40. ദിനുവിജയ്, കാരയ്ക്കാവിള | 500 |
| 41. അപ്പുക്കുട്ടൻ, പുത്തൻകട | 500 |
| 42. അഖിൽ, പുന്നയ്ക്കാവിള | 1600 |
| 43. രാഖി എ എസ്, പുത്തൻകട | 50 |
| 44. കൃഷ്ണൻനാടാർ, മണലിക്കടവ് | 370 |

| | |
|---|---|
| 45. സാബുകുമാർ, പഴയകട | 1000 |
| 46. ആനന്ദകുമാർ, മണലിക്കടവ് | 5100 |
| 47. രവീന്ദ്രൻ, മോന്തിവിള | 500 |
| 48. നിതിൻ ജെ എസ്, മണ്ണക്കല്ല് | 5000 |
| 49. ശശികുമാർ, വലിയവിള | 600 |
| 50. മേരിദാസൻ, കാരയ്ക്കാവിള | 5000 |
| 51. രാജേഷ്കുമാർ എസ് ആർ, മണലിക്കടവ് | 400 |
| 52. അശോക് കുമാർ, പട്ട്യക്കാല | 900 |
| 53. അനിൽകുമാർ, താഴയ്ക്കാമണ്ണടി | 1000 |
| | 54120 |

## ക്രിസ് വോയ്സ് ക്വിസ് ടെസ്റ്റ് പേപ്പർ 10–ൽ ഒന്നും,രണ്ടും സ്ഥാനങ്ങൾ നേടിയവർ

**ഒന്നാം സ്ഥാനം നേടിയവർ**

ഷീജാ ബെറ്റി
ബീനാ ഷാജി
ഷീബാ റാണി ആർ. എം.

**രണ്ടാം സ്ഥാനം നേടിയവർ**

സുധ എസ്.
ലില്ലി കെ.

## യൂണിറ്റ് വാർഷികം

പട്ട്യക്കാല ബി.സി.സി. വാർഷികം ശ്രീ. ജസ്റ്റിൻ രാജിന്റെ ഭവനത്തിൽ വച്ച് 28/10/2025 ന് നടത്തപ്പെടുന്നു.

| | | |
|---|---|---|
| സ്വീപ്പർ അലവൻസ് | | 2000 |
| തൻമാസ വരവ് | 273151 | |
| മുൻമാസ നീക്കിയിരുപ്പ് | 88062 | |
| ആകെ | 361213 | |
| തൻമാസ ചെലവ് | | 154476 |
| ആകെ നീക്കിയിരുപ്പ് | 206737 | |

## അമ്മ മാതാവ്



**കവിത രഘു**
**പുന്നയ്ക്കാവിള**

സ്വർഗ്ഗീയ നാഥേ നീ വന്നീടണേ
നിൻ കരുണതൻ മിഴികൾ തുറന്നീടണേ

ആരോമലീശോ തൻ അമ്മ നീയേ
നിൻ കാരുണ്യമെന്നിൽ ചൊരിഞ്ഞീടണേ
കാൽവരി മലയിലെ കണ്ണുനീരേ
വരണേയെൻ കണ്ണുനീർ വീഥിയതിൽ

സ്വർഗ്ഗീയ റോസാപുഷ്പമേ നീ
ചൊരിയണേയനുഗ്രഹ റോസാപ്പൂക്കൾ
തനിയെ നടന്നു ഞാൻ നീങ്ങിടുമ്പോൾ
കൂടെ നീ കൂട്ടിനു വന്നീടണേ

പാപത്തിൻ വഴിയിൽ ഞാൻ വീണിടാതെ
നിൻ ജപമാല വീഥിയിൽ നടത്തിടേണേ
ജപമാല വീഥിയിൽ നടത്തിടേണേ

## വിശുദ്ധ കുരിശ്



**എയ്ഞ്ചൽ മരിയ**
**പള്ളിമന**

സ്നേഹ ത്യാഗ പ്രതീകമാം
വിശുദ്ധ കുരിശേ
യേശു എനിക്കായ്
കഷ്ടപ്പെട്ട് മരിച്ചതിൻ അടയാളമേ

ആ കുരിശിലാണെൻ രക്ഷ
കുരിശിൻ നിഴലിൽ
സമാധാനം, പാപമോചനം
നീയേകിടൂ

ആ കുരിശിനാൽ
അളവറ്റ സ്നേഹം നീയേകിടൂ
ആ കുരിശിലാണെൻ രക്ഷ
കുരിശേ നമിച്ചീടുന്നു

# ജന്മദിനാശംസകൾ




**ഈ മാസം 19-ാം ജന്മദിനം ആഘോഷിക്കുന്ന പഴക്കട ബി സി സി യൂണിറ്റിലെ ജിഷയ്ക്ക് ഇടവക കുടും ബത്തിന്റെ ജന്മദിനാശം സകൾ നേരുന്നു**

**ട്രെഷറി ഡിപ്പാർട്മെന്റിലേക്ക് നിയമ നം ലഭിച്ച മുടന്താന്നി യൂണിറ്റിലെ ശ്രീ അരുൺ കെ ആനന്ദിന് ഇടവക കു ടുംബത്തിന്റെ**

**ഒരായിരം അഭിനന്ദനങ്ങൾ**





തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിലെ ലിറ്റിൽ വേ അസോസിയേഷന്റെ ദിനാചരണം ഇടവക വികാരി ഫാ. ജിബിൻ രാജ് പതാക ഉയർത്തിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചപ്പോൾ.




തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ സ്കൂളിന്റെ സമ്മാന കൂപ്പൺ നറുക്കെടുപ്പ് ഇടവക വികാരി ഫാ. ജിബിൻ രാജ് ഉദ്ഘാടനം നിർവഹിച്ചപ്പോൾ.

# ഗവ. ജോലിക്ക്
# ഗവ. അംഗീകൃത കോഴ്സുകൾ

# PGDCA , DCA
# Data Entry, DTP
# CTTC, Web Designing
# Auto CAD, Accounting
# SAP, Digital Marketing

## കോഴ്സുകൾ
## ബുധനാഴ്ച രാവിലെ 10 മണിക്ക്
## ആരംഭിക്കുന്നു

**Cybo TECH**
COMPUTERS

ബസ് സ്റ്റാൻഡ് ജംഗ്ഷന് സമീപം
**കോൺവെന്റ് റോഡ്, നെയ്യാറ്റിൻകര**
**ഫോൺ. 8281105686, 9446903873**



ലാപ്ടോപ്
ബാഗ് സൗജന്യം

## അവധിക്കാല കമ്പ്യൂട്ടർ കോഴ്സുകൾ
## ഏപ്രിൽ 2 ന് ആരംഭിക്കുന്നു


Printing ► Janani Print Media | 9747 000 876